LIBRARY ARCHIVES Kerala Legislative Assembly

ബാറുകളുടെ നിലവാരം

109 (110) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുട്ടിയ 418 ബാറുകളുടെ നിലവാരം പരിശോധിക്കാൻ തീരുമാനിച്ചിരുന്നോ ; നിലവാരം പരിശോധിക്കാൻ ഏർപ്പെടുത്തിയ മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു ; മാനദണ്ഡങ്ങൾക്ക് രൂപം നൽകിയത് ആരാണ് ;

(ബി) പരിശോധനയിൽ മാനദണ്ഡങ്ങൾ എല്ലാം പാലിക്കപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ട ബാറുകളുടെ എണ്ണം എത്ര ; അല്ലാത്തവയുടെ എണ്ണം എത്ര ;

(സി) പരിശോധനയ്ക്കായി ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തെല്ലാമായിരുന്നുയെന്ന് വിശദമാക്കാമോ ;

(ഡി) അടച്ചുപൂട്ടിയ ബാറുകൾക്ക് ലൈസൻസ് പുതുക്കിക്കൊടുക്കാതിരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാം; സി.ആന്റ് എ.ജി. ചൂണ്ടിക്കാട്ടിയ ന്യൂനതകൾ എന്തെല്ലാം; ഈ വിഷയത്തിൽ സുപ്രീ കോടതി നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുയെന്നും ഇവയെല്ലാം ഇപ്പോഴും പ്രസ്തുത ബാറുകളുടെ കാര്യത്തിൽ നിലനിൽക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുട്ടിയ 418 ബാറുകളുടെ നിലവാരം പരിശോധിക്കുന്നതിനായി ബഹു. ഹൈക്കോടതിയുടെ 14-8-2014-ലെ ഡബ്ലു.എ. നമ്പർ 1121/2014 തുടങ്ങിയ കേസ്സുകളിന്മേൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിച്ചിരുന്നു. കേന്ദ്ര ടൂറിസം മന്ത്രാലയം രൂപം നൽകി പുറപ്പെടുവിച്ച ടൂ സ്റ്റാർ ക്ലാസിഫിക്കേഷന്റെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പരിശോധന.

(ബി) തുടർന്നുള്ള കോടതി ഉത്തരവുകളുടെ വെളിച്ചത്തിൽ നിലവാര പരിശോധന പൂർത്തിയാക്കിയിട്ടില്ലാത്തതാണ്.

(സി) എക്സൈസ് സർക്കിൾ ഇൻസ്പെക്ടറും അതിനു മുകളിലോട്ടുള്ള എക്സൈസ് ഉദ്യോഗസ്ഥരുടെ ഓരോ സംഘത്തെയും ഉപയോഗിച്ചുള്ള സംവിധാനമാണ് പരിശോധനയ്ക്കായി ഏർപ്പെടുത്തിയത്.

(ഡി) സി ആന്റ് എ.ജി. റിപ്പോർട്ടിൽ പ്രതിപാദിച്ച ബാർ ഹോട്ടലുകൾക്കെതിരെ നടപടിയെടുക്കാത്തതിനെപ്പറ്റി ബഹു. സുപ്രീം കോടതി പരാമർശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടി ബാറുകളുടെ ലൈസൻസ് പുതുക്കി നൽകാതിരുന്നത്. സംസ്ഥാനത്ത 418 ബാർ ഹോട്ടലുകൾക്ക് സൗകര്യങ്ങളില്ലായെന്നും ഇത്തരം ഹോട്ടലുകൾക്ക് ലൈസൻസ് 2007 വർഷത്തിൽ ക്രമീകരിച്ചു

നൽകിയത് തെറ്റാണെന്ന് സി ആന്റ് എ.ജി. ചൂണ്ടിക്കാണിച്ചിരുന്നു. ഇത്തരത്തിൽ ക്രമീകരിച്ച് നൽകിയ നിലവാരമില്ലാത്ത ഹോട്ടലുകൾക്കെതിരെ സർക്കാർ നടപടിയെടുക്കുന്നതുവരെ 4 സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകാതിരിക്കരുത് എന്ന് ബഹു. സുപ്രീം കോടതി നിർദ്ദേശിച്ചിരുന്നു. ഇവയെല്ലാം ഇപ്പോഴും പ്രസ്തുത ബാറുകളുടെ കാര്യത്തിൽ നിലനിൽക്കുന്നുണ്ട്.

വ്യാജമദ്യം

110 (111) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യം എത്തുന്നത് തടയുന്നതിന് പുതുതായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ ;

(ബി) അബ്കാരി നയത്തിന്റെ ഭാഗമായി ബാറുകളും ഔട്ട്ലെറ്റുകളും പൂട്ടിയതിനെ തുടർന്ന് വ്യാജമദ്യത്തിന്റെ വരവ് പതിവിലും വർദ്ധിച്ചിട്ടുള്ളതായി കരുതുന്നുണ്ടോ ; വിശദമാക്കാമോ ; ഏതെല്ലാം സ്രോതസ്സുകളിലൂടെയുള്ള വ്യാജമദ്യ വരവാണ് വർദ്ധിച്ചിട്ടുള്ളതായി കണക്കാക്കുന്നത്; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) വ്യാജമദ്യ വിൽപ്പന തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും രാത്രികാല വാഹന പരിശോധനയും എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് സ്നൈക്കിംഗ് ഫോഴ്സുകൾ പ്രവർത്തന ക്ഷമമാക്കുകയും കേരളത്തിലേയ്ക്ക് സ്പിരിറ്റ് ഉൾപ്പെടെയുള്ള വ്യാജങ്ങൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്ന് കടത്തിക്കൊണ്ടുവരുന്നത് മുന്നിൽകണ്ടുകൊണ്ട് ചെക്ക് പോസ്റ്റുകളിലൂടെ കടന്നുപോകുന്ന എല്ലാ വാഹനങ്ങളും കർശന പരിശോധനയ്ക്ക് വിധേയമാക്കിവരുന്നുണ്ട്. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള പ്രത്യേക സ്ക്വാഡുകളും, എക്സൈസ് ഇന്റലിജൻസ് വിഭാഗവും ഷാഡോ സംവിധാനം ഉപയോഗിച്ച് വിവരങ്ങൾ ശേഖരിച്ച് അതിന്മേൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. പുതിയ മദ്യനയം നടപ്പാക്കുന്നതിന്റെ ഭാഗമായി 'റെഡ് അലർട്ട്' പ്രഖ്യാപിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

(ബി) ബാറുകളും ഔട്ട്ലെറ്റുകളും പൂട്ടിയതിനെത്തുടർന്ന് വ്യാജ മദ്യത്തിന്റെ വ്യാപകമായ വരവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും സ്പിരിറ്റ് ചെറിയ തോതിൽ കേരളത്തിലേയ്ക്ക് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാറുകളും ഔട്ട്ലെറ്റുകളും പൂട്ടിയതിനെ തുടർന്നുള്ള മാസങ്ങളിൽ എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ 24676 ലിറ്റർ സ്പിരിറ്റ് പിടികൂടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly